**Lalith Babu**

# അന്യന്റെ പറമ്പിലൂടെയുള്ള വഴി

A എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പറമ്പിലൂടെ അയാളുടെ അയൽവാസിയായ B എന്നയാൾ A യുടെ അറിവോടെയും A യുടെ എതിർപ്പില്ലാതെയും 20 വർഷത്തിലേറെ കാലം തുടർച്ചയായി തന്റെ പറമ്പിലേക്ക് വഴി നടന്നു കൊണ്ടിരുന്നാൽ തുടർന്നും B ക്ക് ആ വഴി ഉപയോഗിക്കാനുള്ള അവകാശം ലഭിക്കുന്നു. A ക്ക് ആ വഴി തടയാനാകില്ല.

എന്നാൽ B ക്ക് ഈ അവകാശം ലഭിക്കണമെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കണം

A യുടെ പറമ്പിലൂടെ B വഴി നടന്നുകൊണ്ടിരുന്നത് പരസ്യമായിട്ടായിരിക്കണം. ഇത് അതിക്രമത്തിലൂടെയോ ബലപ്രയോഗത്തിലൂടെയോ ആയിരിക്കരുത്. തുടർച്ചയായി 20 വർഷക്കാലം തടസ്സമില്ലാതെ സമാധാനപരമായും ഒരു അനുവാദം എന്ന നിലയിലല്ലാതെ ഒരു അവകാശം എന്ന നിലയിലും ഈ വഴി B ഉപയോഗിച്ചു വന്നതായിരിക്കണം